(ഡി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി സേവന വേതനാനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണുന്നുണ്ട്.

തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാനക്കാർ

194 (6899) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പ്രദേശങ്ങളിലും മറ്റും ദിവസക്കൂലിക്ക് ധാരാളം അന്യസംസ്ഥാനക്കാർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തി ഇവിടെ തൊഴിലെടുക്കുന്നവർക്ക് രജിസ്ട്രേഷനോ, എംപ്ലോയ്മെന്റ് കാർഡോ മറ്റേതെങ്കിലും തരത്തിലുള്ള രേഖകളോ നൽകിയിട്ടുണ്ടോ ;

(ബി) തൊഴിലാളികളെന്ന വ്യാജേന തീവ്രവാദികളും ക്രിമിനൽ കേസിലെ പ്രതികളും മറ്റും ഇവിടെ ഒളിവിൽ താമസിക്കുന്നതായുള്ള റിപ്പോർട്ടുകൾ തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ലേബർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്കുമാത്രം പണിയെടുക്കാൻ കഴിയുന്ന തരത്തിൽ നിയമ നിർമ്മാണം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുവേണ്ടി ഗുവാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടാക്സേഷൻ (GIMT) നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിൽ 25 ലക്ഷത്തിൽപ്പരം അന്യസംസ്ഥാന തൊഴിലാളികൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. കെട്ടിടവും ഇതര നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യാപകമായി അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തിവരുന്നു. നിലവിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 42,353 പേരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കുടിയേറ്റ ക്ഷേമ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിൽ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഇവർക്ക് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിയന്ത്രണത്തിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്ട്രേഷൻ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly